# 'രക്ഷ'

## എഫെസ്യർ 2:8-9

"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല."

ക്രിസ്തുവിൽ വിശ്വാസിയായിരിക്കുന്ന ഏതൊരു മനുഷ്യന്റെയും അടിസ്ഥാനമെന്നു പറയുന്നത് അവനു ക്രിസ്തുവിലുള്ള രക്ഷയാണ്. അതു നമുക്ക് ഇന്നത്തെ വചനത്തിലൂടെ കടന്നു പോയപ്പോൾ മനസ്സിലായിക്കാണും. ഓരോരുത്തർക്കും അവരുടെ വിശ്വാസം മൂലം ദൈവത്തിന്റെ കൃപയാൽ രക്ഷ കൈവന്നിരിക്കുന്നു. അതിൽ ആർക്കും അവകാശം പറയാനോ, അഹങ്കരിപ്പാനോ, വമ്പ് പറയാനോ ഒന്നുമില്ല. നാം വിശ്വസിച്ചു എന്നു മാത്രമേ ഉള്ളൂ. അവിടെയും ദൈവത്തിന്റെ കൃപ ഇല്ല എങ്കിൽ അതിന്നും നാം യോഗ്യരല്ല. ഇന്നു ആ കൃപ ലഭിച്ചവരായ നാം അവന്റെ ദയയെയും മഹാകരുണയും ഓർത്ത് നിത്യം അവനെ സ്തുതിക്കണം.

രക്ഷ എന്നു പറയുന്നത് പ്രവൃത്തിയാലല്ല ദൈവത്തിന്റെ കൃപയാൽ എന്നു നാം കണ്ടു. ആയതിനാൽ നമ്മുടെ പ്രവൃത്തി എന്നു പറയുന്നത് ഒരിക്കലും രക്ഷയിലേക്കുള്ള ഒരു വഴിയായിട്ട് നിൽക്കുന്നില്ല. എന്നാലോ രക്ഷിക്കപ്പെട്ട ദൈവപൈതൽ സത്പ്രവൃത്തികളിലേർപ്പെടുന്നത് രക്ഷയുടെ ഫലമായിട്ട് കണക്കാക്കാം. അങ്ങനെയെങ്കിൽ നാം രക്ഷ നേടാൻ വേണ്ടിയല്ല സത്പ്രവൃത്തികൾ ചെയ്യേണ്ടത് മറിച്ചോ നമ്മുടെ വിശ്വാസം മൂലം ദൈവം അവന്റെ വൻകൃപയാൽ നമുക്ക് ദാനമായിട്ട് തന്നിരിക്കുന്ന രക്ഷയുടെ ഫലമായിട്ടാകണം നമ്മുടെ ഓരോ നല്ല പ്രവൃത്തിയും നിലകൊള്ളേണ്ടത്.

നാം പാപികളാണെന്നും നമ്മുടെ പാപത്തിന്നു വേണ്ടിയാണ് നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു കുരിശ്ശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നതെന്നുള്ള കാര്യം നാം അംഗീകരിക്കുമ്പോൾ നമ്മുടെ പാപങ്ങളെ ആ പുണ്യരക്തത്തിൻ മറവിൽ കഴുകപ്പെടുകയാണ്. അതിലൂടെ നമുക്ക് പിതാവാം ദൈവത്തിന്റെ പാപക്ഷമ ലഭിക്കുകയും ചെയ്യുന്നു. ആയതിനാൽ കർത്താവായ യേശുക്രിസ്തു എന്നു പറയുന്നത് പിതാവിങ്കലേക്കുള്ള ഏക വഴിയാണ്. അവനിലൂടെയല്ലാതെ ആർക്കും പിതാവിന്റെ അടുക്കൽ എത്തുക സാധ്യമല്ല.

**യോഹന്നാൻ 14:6** "ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല.''

പ്രിയരെ ഇനിയും ദൈവത്തിന്റെ ഏറ്റവും വലിയ ദാനമായ രക്ഷ ഏറ്റെടുത്തിട്ടില്ലെങ്കിൽ താമസിച്ചിട്ടില്ല, നിന്റെ പാപങ്ങളെല്ലാം ഏറ്റു പറഞ്ഞ് അവന്റെ രക്തത്താൽ കഴുകൽ പ്രാപിച്ച് ആ വലിയ രക്ഷ ഏറ്റെടുക്കുക. അവന്റെ പൈതലായി ജീവിക്കുക. അതിനായി ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**

**അപ്പൊ. പ്രവൃത്തികൾ 16:31**

"കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും.''

**ബ്രദർ ബിനു ബേബി ആലപ്പുഴ 045**